വർഷം	ഐ.പി. (വർഷത്തിൽ)
1995	846 എണ്ണം
1996	1039 "
1997	942 "
1998	544 "
1999	530 "
2000	435 "
2001	600 "
2002	584 "
2003	20 (ദിവസവും ശരാശരി)

ഇൻപേഷ്യന്റ്സിന്റെ എണ്ണം കുറഞ്ഞുപോയി എന്നല്ലാതെ പൂർണ്ണമായും നിന്നുപോയ അവസരങ്ങൾ ഉണ്ടായിട്ടില്ല. ഈ ആശുപത്രിയ്ക്ക് 4 കിലോമീറ്റർ ചുറ്റളവിൽ പുതുതായി മറ്റ് അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വരവും ഈ ആശുപത്രിയിലെ ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അഭാവവും ഇവിടെ ഐ.പി.എണ്ണം കുറയാൻ കാരണമായി എന്നു കരുതുന്നു.

(ബി) 140 മുതൽ 150 വരെ രോഗികൾ ദിവസവും ഔട്ട് പേഷ്യൻസായി എത്തുന്നുണ്ട്.

(സി) നിലവിലുള്ള നോംസ് അനുസരിച്ച് കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ മാറ്റി പുതിയവരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ലബോറട്ടറി, എക്സ്റേ യൂണിറ്റ് എന്നിവ അനുവദിക്കുന്ന പക്ഷം ആയതിന് വേണ്ട ജീവനക്കാരുടെ തസ്തിക കൂടി അനുവദിക്കേണ്ടതായിട്ടുണ്ട്. ടി തസ്തികകൾക്ക് അനുവാദം ലഭിച്ചശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്. ആംബുലൻസ് വാൻ, അതിന് വേണ്ടുന്ന ദൈനംദിന ചെലവുകൾ എന്നിവ എച്ച്.ഡി.സി.യോ പഞ്ചായത്ത് അധികൃതരോ നൽകുവാൻ തയ്യാറാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഒ.പി. ടിക്കറ്റ് നിഷേധിച്ച നഴ്സിംഗ് അസിസ്റ്റന്റിന് എതിരെ നടപടി

160 (3114) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ജൂൺ മാസത്തിൽ ഡെങ്കിപ്പനി ബാധിച്ച് മരിച്ച കുട്ടിയുടെ മാതാവ് അസുഖത്തെ തുടർന്ന് ആശുപത്രിയിൽ എത്തിയപ്പോൾ എസ്.എ.ടി. ആശുപത്രിയിലെ ഒ.പി. വിഭാഗത്തിലെ നഴ്സിംഗ് അസിസ്റ്റന്റ് ഒ.പി. ടിക്കറ്റ് നിഷേധിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് എസ്.എ.ടി. ഹോസ്പിറ്റൽ സൂപ്രണ്ടിന് പരാതി നല്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരിക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സംഭവത്തെക്കുറിച്ച് എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് അന്വേഷണം നടത്തുകയും പ്രസ്തുത ജീവനക്കാരിയെ തൽസ്ഥാനത്തു നിന്ന് മാറ്റുകയും ചെയ്തു.

(ഡി) എസ്.എ.ടി. ആശുപത്രിയിൽ ഡെങ്കിപ്പനി സംബന്ധിച്ച് പൊതുജനങ്ങളുടെ വിവര വിനിമയത്തിന് സഹായം നല്കാനായി രാവിലെ 6 മണി മുതൽ വൈകിട്ട് 5 മണിവരെ പ്രത്യേക ഇൻഫർമേഷൻ കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. ഡെങ്കിപ്പനി ബാധിച്ചുവരുന്ന രോഗികൾക്ക് പൊതുവായ ക്യൂവിൽ നിന്ന് ഡോക്ടറെ കാണുന്നതിനുപകരം പ്രത്യേകമായി ഡോക്ടറെ നേരിട്ട് കാണുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ പെരുമാറുന്ന ജീവനക്കാർക്കെതിരേ നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ

161 (3115) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെഎച്ച്ആർഡബ്ല്യൂഎസ് പേവാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ ആശുപത്രിയിലെ പേവാർഡിൽ നിന്നും സൊസൈറ്റിക്ക് ലഭിക്കുന്ന വരുമാനം വെളിപ്പെടുത്തുമോ ;

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് നടത്തുവാൻ കഴിയുമെന്ന് പറയാമോ ?

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ 2001-ാമാണ്ട് ആഗസ്റ്റിനുശേഷം നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly